DD2-364/16

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

==========================================================================

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(കൈ) നം.97/2017/തസ്വഭവ — തിരുവനന്തപുരം, തീയതി, 16-05-2017

---

പരാമർശം : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 15.04.2017-ലെ 428/ഇ.ജി.എസ്.ബി/ 2017/ ആർ.ഇ.ജി.എസ് നമ്പർ കുറിപ്പ്

ഉത്തരവ്

സംസ്ഥാനത്തെ കുളങ്ങളും തോടുകളും അടക്കമുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കാനുള്ള നടപടികൾ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾക്ക് കീഴിൽ നടന്നു വരുന്നു. ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് ദുർലഭ പ്രകൃതി വിഭവങ്ങളായ പാറ, മണൽ, സിമെന്റ് തുടങ്ങിയവ ഉപയോഗപ്പെടുത്തുന്നത് പരിസ്ഥിതി സൗഹാർദ്ദപരമല്ലാത്തതിനാൽ അനുയോജ്യമായ ഇതര സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുകയുണ്ടായി. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന മേല്പറഞ്ഞ സ്വഭാവത്തിലുള്ള പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് എം.ജി.എൻ.ആർ.ജി.എസ് മിഷൻ ഡയറക്ടർ, പരാമർശത്തിലെ കുറിപ്പ് പ്രകാരം നിർദ്ദേശം സമർപ്പിക്കുകയുണ്ടായി. ടി നിർദ്ദേശങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ ഏറ്റെടുക്കുന്ന അനുയോജ്യമായ പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നതിന് അനുബന്ധമായി ചേർത്തിട്ടുള്ള മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ടി.കെ.ജോസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
3. ഡയറക്ടർ, ക്ഷീര വികസന വകുപ്പ്
4. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്
5. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
6. ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ
8. വ്യവസായ (കയർ) വകുപ്പ്
9. മാനേജിങ് ഡയറക്ടർ, കേരള സ്റ്റേറ്റ് കയർ കോർപറേഷൻ
10. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, മുളങ്കുന്നത്തുകാവ്
11. എല്ലാ ഗ്രാമ/ ബ്ലോക്ക് പഞ്ചായത്ത് ഡയറക്ടർമാർക്കും (മിഷൻ ഡയറക്ടർ മുഖേന)
12. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം

## മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ ഏറ്റെടുക്കുന്ന അനുയോജ്യമായ പദ്ധതികൾക്ക് കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അംഗീകൃത കർമ്മ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കാവുന്നതാണ്:

- കുളങ്ങളുടെയും തൊടുകളുടെയും നീർച്ചാലുകളുടെയും വശങ്ങളിൽ മണ്ണിടിഞ്ഞു പോകാതെ ബലപ്പെടുത്തി സംരക്ഷിക്കൽ
- വനനശീകരണം മൂലം തരിശായ കുന്നിൻചെരിവ് പ്രദേശങ്ങളിൽ സസ്യാവരണം പുനഃസൃഷ്ടിക്കലും പുനഃവനവത്കരണ പ്രവർത്തനങ്ങളും
- ഗ്രാമീണ റോഡുകളുടെ നിർമ്മാണ ഘട്ടത്തിലെ ബലപ്പെടുത്തൽ

1. കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള പ്രവൃത്തികൾ അതാതിടങ്ങളിലെ ഭൂമിയുടെ ചരിവ്, നീരൊഴുക്കിന്റെ സ്വഭാവം, മണ്ണിന്റെ ഘടന തുടങ്ങിയവ പരിഗണിച്ച് മണ്ണിടിച്ചിലിനും മണ്ണൊലിപ്പിനും സാധ്യതയുള്ള അനുയോജ്യമായ ഇടങ്ങളിൽ മാത്രം ചെയ്യാവുന്നതാണ്.

2. തോടുകളുടെയും നീർച്ചാലുകളുടേയും വശങ്ങളിൽ നിലവിൽ സ്വാഭാവികമായ സസ്യാവരണം ഉള്ളിടങ്ങളിലും മണ്ണിടിച്ചിലിന് തീരെ സാധ്യതയില്ലാത്തതുമായ സ്ഥലങ്ങളിലും കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതില്ല.

3. കുളങ്ങൾ, തോടുകൾ, നീർച്ചാലുകൾ എന്നിവ കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുന്ന പ്രവൃത്തികളിൽ അതാത് പ്രദേശങ്ങൾക്ക് അനുയോജ്യമായ പുല്ല്/സസ്യ ഇനങ്ങൾ ഉപയോഗിച്ചുള്ള ജൈവപ്രബലനം നിർബന്ധമായും നടത്തേണ്ടതാണ്. ഇപ്രകാരം ജൈവപ്രബലനം നടത്തിയ ശേഷം പ്രവൃത്തിയുടെ ജിയോടാഗ് ചെയ്ത ഫോട്ടോ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. ഇക്കാര്യം ബ്ലോക്ക് പ്രോഗ്രാം ഓഫീസർ/ ജോയിന്റ് പ്രോഗ്രാം കോഓർഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്. ജൈവ പ്രബലനം നടത്തുന്ന സ്ഥലങ്ങളിൽ സസ്യാവരണത്തിന്റെ അതിജീവനം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പരിപാലന പ്രവർത്തനങ്ങൾ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെയും മാസ്റ്റർ സർക്കുലറിലെയും വ്യവസ്ഥകൾക്ക് വിധേയമായി നടത്തേണ്ടതാണ്. ജൈവ പ്രബലനം നടത്തുമൂലം നിർമ്മിതിക്ക് കേടുപാടുകൾ ഉണ്ടാകുന്ന പക്ഷം അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയായി കണക്കാക്കി നടപടി സ്വീകരിക്കുന്നതാണ്.

4. ജൈവപ്രബലനം നടത്തുന്നതിന് ആവശ്യമായ പുല്ല്/സസ്യ ഇനങ്ങൾ വിതരണം ചെയ്യുന്നതിനും ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനും ക്ഷീരവികസന വകുപ്പ്, സോഷ്യൽ ഫോറസ്ട്രി തുടങ്ങിയ ഏജൻസികളെ ചുമതലപ്പെടുത്തുന്ന. ക്ഷീരവികസന വകുപ്പ്, സോഷ്യൽ ഫോറസ്ട്രി,മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവ സംയുക്തമായി ഇതിന് ആവശ്യമായ പരിശീലന പരിപാടികൾ, നഴ്സറി വികസിപ്പിക്കുന്നതുൾപ്പടെ സംഘടിപ്പിക്കേണ്ടതാണ്.

5. ഗ്രാമപഞ്ചായത്തുകൾ ഖണ്ഡിക 1 ൽ പറഞ്ഞിട്ടുള്ളതരം പ്രവൃത്തികൾ തങ്ങളുടെ വാർഷിക കർമ്മപദ്ധതിയിൽ നിന്നും കണ്ടെത്തി കയർഭൂവസ്ത്രം ഉപയോഗിക്കുന്നതിനു ആവശ്യമായ വിധത്തിൽ ഭേദഗതി വരുത്തി കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങേണ്ടതാണ്.

6. നിലവിൽ തൊഴിലുറപ്പുപദ്ധതിയുടെ വാർഷിക കർമ്മപദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും എന്നാൽ ഖണ്ഡിക 1 പ്രകാരം അനുയോജ്യവുമായ പ്രവൃത്തികൾ ഉണ്ടെങ്കിൽ ആയവ കണ്ടെത്തി അവകൂടി ഉൾപ്പെടുത്തി വാർഷിക കർമ്മപദ്ധതി പുതുക്കി അംഗീകാരം നേടാവുന്നതാണ്.

7. പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, സാങ്കേതികാനുമതി, നിർവഹണം തുടങ്ങിയവക്ക് നിലവിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയിൽ അനുവർത്തിക്കുന്ന നടപടിക്രമം തന്നെ പാലിക്കേണ്ടതാണ്.

8. കയർഭൂവസ്ത്രം വിരിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഉപയുക്തമാകുംവിധം സെക്യൂർ സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

9. കയർഭൂവസ്ത്രം വിരിക്കുന്നതിനും തുടർ പരിപാലനത്തിനും ആവശ്യമായ സാങ്കേതിക സഹായം കയർ വകുപ്പ് നൽകേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയിലെ മേറ്റുകൾക്കും തൊഴിലാളികൾക്കും ഇതിനാവശ്യമായ പരിശീലനം നല്കുന്നതിനുവേണ്ടി പരിശീലകരുടെ പരിശീലനം കയർ വകുപ്പ് സംഘടിപ്പിക്കേണ്ടതാണ്.

10. ഓരോതരം പ്രവൃത്തിക്കും അനുയോജ്യമായ ഇനം കയർ ഭൂവസ്ത്രം ഏതൊക്കെ, അവയുടെ ഗുണനിലവാരം/ഗ്രേഡ് അതിനനുസൃതമായുള്ള ന്യായവില, കമ്പോളവില, ജൈവപ്രഭലനം നടത്തുന്നതിന് അനുയോജ്യമായ സസ്യയിനങ്ങൾ തുടങ്ങിയവ നിർണ്ണയിക്കുന്നതിന് കയർ വകുപ്പ് ഡയറക്ടർ അധ്യക്ഷനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധത മിഷൻ ഡയറക്ടർ കൺവീനറും രണ്ടിൽ കുറയാത്ത സാങ്കേതിക വിദഗദ്ധർ അംഗങ്ങളുമായുള്ള ഒരു സാങ്കേതിക സമിതി കയർ വകുപ്പ് രൂപീകരിക്കേണ്ടതാണ്.

11. പ്രവൃത്തികൾക്ക് ആവ്യമായ കയർ ഭൂവസ്ത്രം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയുടെ നിലവിലുള്ള വാങ്ങൽ നടപടിക്രമമനുസരിച്ച് പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും മുൻഖണ്ഡികയിലെ വ്യവസ്ഥക്കനുസൃതമായി സംഭരിക്കേണ്ടതാണ്.

12 പ്രവൃത്തികൾക്കായി സംഭരിക്കുന്ന കയർഭൂവസ്ത്രത്തിന്റെ ഗുണനിലവാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിക്കായി ഗ്രാമപഞ്ചായത്ത് തലത്തിൽ നിയോഗിക്കപ്പെട്ടിട്ടുള്ള എഞ്ചിനീർമാർ ഉറപ്പുവരുത്തേണ്ടതാണ്. ഇതിനു ആവശ്യമായ പരിശീലനം കയർ വകുപ്പ് നൽകേണ്ടതാണ്.

13. 2016-17 സാമ്പത്തികവർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയിൻ കീഴിൽ ഏറ്റെടുത്ത് നിർമ്മിക്കുകയോ നവീകരിക്കുകയോ ചെയ്തിട്ടുള്ള കുളങ്ങളിൽ ഓരോ ജില്ലയിലും കുറഞ്ഞത് 10 കുളങ്ങളെങ്കിലും കയർ വകുപ്പിന്റെ ഉത്തരവാദിത്വത്തിലും ചെലവിലും കയർ ഭൂവസ്ത്രം വിരിച്ച് ജൈവപ്രബലനം നടത്തി മാതൃകാ പ്ലോട്ടുകളായി നിലനിർത്തേണ്ടതാണ്.

14. പൊതുകുളങ്ങളുടെയും തോടുകളുടെയും സംരക്ഷണത്തിനായി നടപ്പിലാക്കുന്ന ഓരോ പ്രവൃത്തിയുടെയും സ്ഥായിയായ നിലനിൽപ് ഉറപ്പുവരുത്തുന്നതിനായി ഗുണഭോക്താക്കളുടെ കൂട്ടായ്മ രൂപീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

15. കയർ ഭൂവസ്ത്രം ഉപയോഗിച്ച് ഏറ്റെടുത്തിട്ടുള്ള എല്ലാ പ്രവൃത്തികളുടെയും നിർവ്വഹണത്തിലെ സുതാര്യത,ഗുണമേന്മ, പ്രയോജനം, സ്ഥായിയായ നിലനിൽപ് എന്നിവ സോഷ്യൽ ആഡിറ്റിന് വിധേയമാക്കേണ്ടതാണ്. കൂടാതെ പ്രസ്തുത പ്രവൃത്തികൾ SQM,DQM എന്നിവരുടെ പരിശോധനക്കും ജില്ലാതല ഉദ്യോഗസ്ഥരുടെ പരിശോധനക്കും വിധേയമാക്കേണ്ടതാണ്.

16. പഞ്ചായത്തിലെ നീർത്തട പദ്ധതികളുടെ ഭാഗമായിട്ടുവേണം കുളം/ തോട് മറ്റു മണ്ണ് സംരക്ഷണ പ്രവർത്തികൾ ഏറ്റെടുക്കാൻ. ഇതിനാവശ്യമായ രേഖകൾ തയ്യാറാക്കാൻ ബ്ലോക്ക് തലത്തിൽ ഒരു വിദഗ്ധ സമിതി രൂപീകരിക്കേണ്ടതാണ്.

17. അടുത്ത വർഷത്തോടെ നിലവിലുള്ള നീർത്തട പദ്ധതികൾ അവലോകനം ചെയ്യുകയും സമഗ്രമായ നീർത്തട പദ്ധതികൾ ആവിഷ്കരിക്കുകയും വേണം. ഇതിനാവശ്യമായ പരിശീലനം കില നോഡൽ ഏജൻസിയായി നൽകുന്നതാണ്.

—•—